**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2685** **17-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതുവരെ വൈദ്യുതി എത്താതിരുന്ന പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി സർക്കാർ നിർദേശമനുസരിച്ച് KSEBL, ST കോളനികളുടെ വൈദ്യുതീകരണത്തിനുള്ള DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗോത്രവർഗ്ഗഊരുകൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. പട്ടിക വർഗ്ഗവികസന വകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക, വനം വകുപ്പിന്റെ അനുമതി എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം KSEBL നടപ്പിലാക്കുന്നതാണ്. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ പാട്യം പഞ്ചായത്തിലെ അമ്മാറമ്പ് ആദിവാസി കോളനിയിൽ വോൾട്ടേജ് ക്ഷാമം കാരണം കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | അമ്മാറമ്പ് കോളനിയിൽ 7 വീടുകളാണുള്ളത്. നിലവിൽ ഇവയ്ക്ക് സിംഗിൾ ഫേസ് കണക്ഷനു കളാണുള്ളത്. ഈ കോളനിയിലെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല . |
| (സി) | അമ്മാറമ്പ് ആദിവാസി കോളനിയിൽ ത്രീ ഫേസ് ലൈൻ വലിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ; | (സി) | അമ്മാറമ്പ് ആദിവാസി കോളനിയിൽ ത്രീ ഫേസ് ലൈൻ വലിക്കുന്നതിനു സാങ്കേതികമായി തടസങ്ങൾ നിലവിലില്ല . |
| (ഡി) | നിരവധി വീടുകളുള്ള അമ്മാറമ്പ് ആദിവാസി | (ഡി) | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും കേടായവ |

| | | | |
|---|---|---|---|
| | കോളനിയിൽ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക നിലയം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം പ്രയാസം സൃഷ്ടിക്കുന്നത് പരിഗണിച്ച് ത്രീ ഫേസ് ലൈൻ വലിച്ച് തെരുവ് വിളക്കുകൾ ഉൾപ്പെടെ സ്ഥാപിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ? | | മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ വർക്ക് ഡിപ്പോസിറ്റ് വ്യവസ്ഥയിൽ പണം അടക്കുന്ന മുറയ്ക്ക് ആവശ്യമായ ലൈനുകൾ വലിക്കുകയും തെരുവ് വിളക്കുകൾ വാങ്ങി നൽകുന്ന മുറയ്ക്ക് അവ സ്ഥാപിച്ച നൽകുകയും ചെയ്യാവുന്നതാണ് . പ്രസ്തുത കോളനിയിലെ വോൾട്ടേജ് ക്ഷാമം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാ വുന്നതാണ് . |

സെക്ഷൻ ഓഫീസർ